<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ചലന പരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചലന പരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി ഇതുവരെ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 923 പേർക്ക് മുച്ചക്രവാഹനവും 188 പേർക്ക് ഇലക്ട്രോണിക് വീൽ ചെയറും നൽകിയിട്ടുണ്ട്. ആയതിനായി 663.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പ് 2017-2018 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച Joystick Operated Wheel chair, CP Wheel chair, ഇലക്ട്രോണിക് വീൽ ചെയർ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ഇതുവരെ 135 പേർക്ക് 1,23,91,565 രൂപ (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ചെലവഴിച്ച് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ